പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7232 11/07/2014 -ൽ മറുപടിക്ക്

**സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ആകെ എത്ര സബ് രജിസ്ട്രാർ ഓഫീസുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ; | എ) സംസ്ഥാനത്ത് ആകെ 311 സബ് രജിസ്ട്രാർ ആഫീസുകളാണ് നിലവിലുള്ളത്. |
| ബി) എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ സ്വന്തം കെട്ടിടങ്ങളിലോ മറ്റു കെട്ടിടങ്ങളിലോ പ്രവർത്തിക്കുന്നു; | ബി) രജിസ്ട്രേഷൻ വകുപ്പിന്റെ വക കെട്ടിടങ്ങളിലും മിനി സിവിൽസ്റ്റേഷനുകളിലും റവന്യൂ വകുപ്പിന്റെ കെട്ടിടങ്ങളിലുമായി 201 സബ് രജിസ്ട്രാർ ആഫീസുകൾ പ്രവർത്തിക്കുന്നു. 110 സബ് രജിസ്ട്രാർ ആഫീസുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. |
| സി) മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളും സ്വന്തം കെട്ടിടത്തിലോ മറ്റു വകുപ്പുകളുടെ കെട്ടിടത്തിലോ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | സി) സ്വന്തമായി കെട്ടിടമില്ലാത്തതും കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുള്ളതുമായ സബ് രജിസ്ട്രാർ ഓഫീസുകൾക്ക് ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിവരുന്നു. സർക്കാർ വക കെട്ടിടങ്ങൾ ലഭ്യമാകുന്ന മുറക്ക് വാടകകെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സബ് രജിസ്ട്രാർ ഓഫീസുകൾ ടി കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.